"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അക്രെഡിറ്റേഷനു വേണ്ടിയുള്ള അപേക്ഷകളിൽ പരിശോധന നടത്തി ശുപാർശ സമർപ്പിക്കുന്നതിനായി - കിലയിലെ ഫാക്കൽറ്റി മെമ്പർമാരിൽ നിന്നും കിലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന റിസോഴ്സ് പേഴ്സൻമാരിൽ നിന്നും വിഷയവിദഗ്ധരെ തിരഞ്ഞെടുത്ത് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് - കിലയ്ക്ക് അംഗീകാരം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.108/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 16/01/2021

പരാമർശം:- 1 30.03.2013-ലെ സ.ഉ.(എം.എസ്.) നം. 133/2013/തസ്വഭവ

2 11.07.2013 -ലെ സ.ഉ.(സാധാ.) നം. 1833/2013/തസ്വഭവ

3 കില ഡയറക്ടർ ജനറലിന്റെ 06.07.2020-ലെ കില/2020/101/2410/HQ-ാം നമ്പർ കത്ത്

**<u>ഉത്തരവ്</u>**

അക്രെഡിറ്റേഷനു വേണ്ടിയുള്ള വിവിധ ഏജൻസികളുടെ നിശ്ചിത ഫോർമാറ്റിലുള്ള അപേക്ഷയിന്മേൽ വിഷയവിദഗ്ദ്ധർ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് പരാമർശം (1) മാർഗ്ഗരേഖ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാരിതര ഏജൻസികളുടെ മേൽ പ്രകാരമുള്ള അപേക്ഷയിന്മേൽ പരിശോധന നടത്തി ശുപാർശ സമർപ്പിക്കുന്നതിന് വിവിധ മേഖലയിലെ വിഷയ വിദഗ്ദ്ധരെ നിശ്ചയിച്ച് പരാമർശം (2) പ്രകാരവും ഉത്തരവായിട്ടുണ്ട്.

2. പരാമർശം (2) പ്രകാരം നിശ്ചയിച്ചിട്ടുള്ള വിഷയമേഖല വിദഗ്ധരിൽ പലരും ഇപ്പോൾ ഔദ്യോഗിക പദവിയിൽ നിന്നും റിട്ടയർ ചെയ്തവരും ഇത്തരം പരിശോധനകൾക്കായി യാത്രകളും മറ്റും ഏറ്റെടുക്കാൻ വിമുഖത പ്രകടിപ്പിക്കുന്നവരാണെന്നും പലരുടെയും ഫോൺ നമ്പർ, മേൽ വിലാസം എന്നിവ മാറിയതിനാൽ ബന്ധപ്പെടാൻ സാധിക്കുന്നില്ല എന്നും ആയത് കൊണ്ട് കിലയിലെ ഫാക്കൽറ്റി മെമ്പർമാരിൽ നിന്നും കിലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന റിസോഴ്സ് പേഴ്സൻമാരിൽ നിന്നും വിഷയവിദഗ്ധരെ തിരഞ്ഞെടുത്ത് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട അംഗീകാരം കിലയ്ക്ക് നൽകണമെന്നും കില ഡയറക്ടർ ജനറൽ പരാമർശം (3) പ്രകാരം അപേക്ഷിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലുള്ള അംഗീകൃത പട്ടികയിൽ നിന്നും വിഷയവിദഗ്ദ്ധരെ കണ്ടെത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിലും, അക്രെഡിറ്റേഷനു വേണ്ടിയുള്ള വിവിധ ഏജൻസികളുടെ അപേക്ഷയിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടതുള്ളതിനാലും, കിലയിലെ ഫാക്കൽറ്റി മെമ്പർമാരിൽ നിന്നും കിലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന റിസോഴ്സ് പേഴ്സൻമാരിൽ നിന്നും വിഷയവിദഗ്ധരെ തിരഞ്ഞെടുത്ത് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് കിലയ്ക്ക് അംഗീകാരം നൽകി ഉത്തരവാകുന്നു. ഇപ്രകാരം ഉൾപെടുത്തുന്നവരുടെ യോഗ്യതയും ഉൾപ്പെടുത്തുന്ന മേഖലയിലെ അവരുടെ പ്രാവീണ്യവും, പ്രവൃത്തി മേഖലയിലെ പരിചയവും കില ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2021.01.18 14:38:09 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്